**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5234** **02-11-2021 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവരെ ആശുപത്രിയിലെത്തിക്കുന്നവർക്കുള്ള പാരിതോഷികം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവരെ ആശുപത്രിയിലെത്തിക്കുന്നവർക്ക് പാരിതോഷികം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റ വരെ, 'Golden Hour'-ൽ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് പാരിതോഷികം നൽകുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം റോഡപകടങ്ങളിൽപെട്ടവരെ ഉടൻ തന്നെ ആവശ്യമായ ചികിത്സ ലഭ്യമാക്കാനായി ആശുപത്രി ട്രോമാ കെയർ എന്നി വിടങ്ങളിൽ നിശ്ചിത സമയപരിധിയിക്കുള്ളിൽ എത്തിച്ച് ജീവൻ രക്ഷിക്കുന്നവർക്കാണ് പാരിതോഷികം പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാർ പദ്ധതിയാണ്. അപകടത്തിൽപ്പെട്ട ഒന്നോ അതിലധികം പേരെയോ ആശുപത്രിയിൽ എത്തിച്ച് ജീവൻ രക്ഷിക്കുന്നതിന് 5,000/- രൂപയാണ് പാരിതോഷികമായി നിശ്ചയിച്ചിട്ടുള്ളത്. ഒന്നിലധി കം പേർ ചേർന്ന് അപകടത്തിൽപ്പെട്ട ഒരാളെ രക്ഷിക്കുകയാണെങ്കിൽ 5,000/- രൂപ തുല്യമായി വീതിച്ച് നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഒന്നിലധികം പേർ ചേർന്ന് ഒന്നിലധികം പേരെ രക്ഷിക്കുകയാണെങ്കിൽ, അപകടത്തിൽപ്പെട്ട ഓരോ ആളിനും 5,000/- രൂപ എന്ന നിരക്കിൽ ജീവൻ രക്ഷിച്ച ഒരോരുത്തർക്കും പരമാവധി 5,000/- രൂപ വരെ നൽകും. അപകടത്തിൽപ്പെട്ടവരെ വളരെ വേഗത്തിൽ ആശുപത്രിയിലെത്തിക്കുന്ന 10 പേർക്ക് (ദേശീയതലത്തിൽ) ഓരോ വർഷവും 1,00,000/- രൂപ നൽകുന്നതാണ്. |
| (ബി) | എങ്കിൽ ഇത് കേന്ദ്രപദ്ധതിയാണോ സംസ്ഥാന പദ്ധതിയാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റ വരെ, 'Golden Hour'-ൽ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് പാരിതോഷികം നൽകുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം റോഡപകടങ്ങളിൽപെട്ടവരെ ഉടൻ തന്നെ ആവശ്യമായ ചികിത്സ ലഭ്യമാക്കാനായി ആശുപത്രി ട്രോമാ കെയർ എന്നി വിടങ്ങളിൽ നിശ്ചിത |

| | | | |
|---|---|---|---|
| | | | സമയപരിധിയിക്കുള്ളിൽ എത്തിച്ച് ജീവൻ രക്ഷിക്കുന്നവർക്കാണ് പാരിതോഷികം പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാർ പദ്ധതിയാണ്. അപകടത്തിൽപ്പെട്ട ഒന്നോ അതിലധികം പേരെയോ ആശുപത്രിയിൽ എത്തിച്ച് ജീവൻ രക്ഷിക്കുന്നതിന് 5,000/- രൂപയാണ് പാരിതോഷികമായി നിശ്ചയിച്ചിട്ടുള്ളത്. ഒന്നിലധി കം പേർ ചേർന്ന് അപകടത്തിൽപ്പെട്ട ഒരാളെ രക്ഷിക്കുകയാണെങ്കിൽ 5,000/- രൂപ തുല്യമായി വീതിച്ച് നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഒന്നിലധികം പേർ ചേർന്ന് ഒന്നിലധികം പേരെ രക്ഷിക്കുകയാണെങ്കിൽ, അപകടത്തിൽപ്പെട്ട ഓരോ ആളിനും 5,000/- രൂപ എന്ന നിരക്കിൽ ജീവൻ രക്ഷിച്ച ഒരോരുത്തർക്കും പരമാവധി 5,000/- രൂപ വരെ നൽകും. അപകടത്തിൽപ്പെട്ടവരെ വളരെ വേഗത്തിൽ ആശുപത്രിയിലെത്തിക്കുന്ന 10 പേർക്ക് (ദേശീയതലത്തിൽ) ഓരോ വർഷവും 1,00,000/- രൂപ നൽകുന്നതാണ്. |
| (സി) | പാരിതോഷികമായി നൽകുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റ വരെ, 'Golden Hour'-ൽ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് പാരിതോഷികം നൽകുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം റോഡപകടങ്ങളിൽപെട്ടവരെ ഉടൻ തന്നെ ആവശ്യമായ ചികിത്സ ലഭ്യമാക്കാനായി ആശുപത്രി ട്രോമാ കെയർ എന്നി വിടങ്ങളിൽ നിശ്ചിത സമയപരിധിയിക്കുള്ളിൽ എത്തിച്ച് ജീവൻ രക്ഷിക്കുന്നവർക്കാണ് പാരിതോഷികം പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാർ പദ്ധതിയാണ്. അപകടത്തിൽപ്പെട്ട ഒന്നോ അതിലധികം പേരെയോ ആശുപത്രിയിൽ എത്തിച്ച് ജീവൻ രക്ഷിക്കുന്നതിന് 5,000/- രൂപയാണ് പാരിതോഷികമായി നിശ്ചയിച്ചിട്ടുള്ളത്. ഒന്നിലധികം പേർ ചേർന്ന് അപകടത്തിൽപ്പെട്ട ഒരാളെ രക്ഷിക്കുകയാണെങ്കിൽ 5,000/- രൂപ തുല്യമായി വീതിച്ച് നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഒന്നിലധികം പേർ ചേർന്ന് ഒന്നിലധികം പേരെ രക്ഷിക്കുകയാണെങ്കിൽ, അപകടത്തിൽപ്പെട്ട ഓരോ ആളിനും 5,000/- രൂപ എന്ന നിരക്കിൽ ജീവൻ രക്ഷിച്ച ഒരോരുത്തർക്കും പരമാവധി 5,000/- രൂപ വരെ നൽകും. അപകടത്തിൽപ്പെട്ടവരെ വളരെ വേഗത്തിൽ ആശുപത്രിയിലെത്തിക്കുന്ന 10 പേർക്ക് (ദേശീയതലത്തിൽ) ഓരോ വർഷവും 1,00,000/- രൂപ നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി നടപ്പിലാക്കുന്നതെങ്ങനെയാണെന്നും ജില്ലയിൽ ഇതിന്റെ മേൽനോട്ടം ആർക്കാണെന്നും വ്യക്തമാക്കാമോ; | (ഡി) | അപകടത്തിൽ ജീവൻ രക്ഷപ്പെട്ടുത്തിയ ആൾ (Good Samaritan) വിവരം പോലീസിൽ ആദ്യം അറിയിച്ചാൽ, ഡോക്ടർമാരിൽ നിന്ന് വേരിഫിക്കേഷൻ ലഭിച്ചശേഷം, പോലീസ് 'Good Samaritan'-ന് acknowledgment നൽകുന്നു. ഇതിന്റെ പകർപ്പ് ജില്ലാതല സമിതിയുടെ ചെയർമാനായ ജില്ലാ മജിസ്ട്രേറ്റിന് നൽകും. 'Good Samaritan' അപകടത്തിൽപ്പെട്ടവരെ നേരിട്ട് ആശുപത്രിയിൽ എത്തിച്ചാൽ ആശുപത്രി അധികൃതർ വിശദ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ നൽകണം. പോലീസ് 'Good Samaritan'-ന് acknowledgment നൽകുകയും പകർപ്പ് ജില്ലാ മജിസ്ട്രേറ്റിന് നൽകുകയും ചെയ്യണം. |
| (ഇ) | പാരിതോഷികം നൽകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഇ) | ജില്ലാതല appraisal committee, പോലീസ് / ആശുപത്രി എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച proposals ഓരോ മാസവും വിലയിരുത്തി പാരിതോഷികം നൽകേണ്ടവരുടെ പട്ടിക ഗതാഗത കമ്മീഷണർക്ക് കൈമാറുന്നതാണ്. പ്രത്യേകമായുള്ള ബാങ്ക് അക്കൗണ്ടിൽ നിന്ന് പാരിതോഷികം ഗതാഗത കമ്മീഷണർ അർഹമായവർക്ക് നൽകുന്നതാണ്. ഈ അക്കൗണ്ടിൽ കേന്ദ്ര സർക്കാരാണ് തുക അനുവദിക്കുന്നത്. ജില്ലാ തലത്തിൽ ഇതിന്റെ മേൽനോട്ടം ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ പോലീസ് മേധാവി, ജില്ലാ മെഡിക്കൽ ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (ഗതാഗത വകുപ്പ്) എന്നിവർക്കാണ്. 'Golden Hour'-ൽ തന്നെ അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിൽ എത്തിച്ച് ജീവൻ രക്ഷിക്കുന്നവർക്കാണ് ഇപ്രകാരം പാരിതോഷികം നൽകുന്നത്. ഒരു വർഷം ഒരാൾക്ക് ഏറ്റവുവധികം 5 പ്രാവശ്യം മാത്രമേ പാരിതോഷികം നൽകുകയുള്ളൂ. തന്നെക്കുറിച്ചുള്ള വിവരങ്ങൾ 'Good Samaritan' നൽകുന്നില്ലെങ്കിൽ അയാൾക്ക് പാരിതോഷികം നൽകുന്നതല്ല. |

സെക്ഷൻ ഓഫീസർ